LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവ വീണ്ടെടുക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

സർവ്വെയും ഭൂരേഖയും വകുപ്പ് പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ വകുപ്പിന്റെ പക്കലുള്ള അമൂല്യവും പുനർനിർമ്മിക്കാൻ കഴിയാത്തതുമായ റിക്കാർഡുകൾ സംരക്ഷിക്കുന്നതിനായി ഇവ സ്കാൻ ചെയ്ത് ഓൺലൈൻ പോർട്ടൽ മുഖേന പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, വകുപ്പിലെ മുഴുവൻ രേഖകളും ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഭൂപരിഷ്കരണ നിയമം പ്രകാരം ഏറ്റെടുത്ത ഭൂമി

357(4367) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ മലപ്പുറം ജില്ലയിൽ വിതരണം ചെയ്യുന്നതിനായി ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുത്ത മൂന്ന് സെന്റ് വീതമുള്ള പ്ലോട്ടുകൾ നിലവിലുണ്ടോ; ഇങ്ങനെ കണ്ടെത്തിയതിൽ വിതരണം ചെയ്യാത്ത എത്ര പ്ലോട്ടുകളാണ് നിലവിലുള്ളത്; വിശദാംശം നൽകുമോ?

മലപ്പുറം ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്ന മൂന്ന് സെന്റ് വീതമുള്ള 121 പ്ലോട്ടുകൾ നിലവിലുണ്ട്. ഇവയുടെ താലൂക്ക് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

1)	തിരൂരങ്ങാടി താലൂക്ക്	-	4 പ്ലോട്ടുകൾ
2)	പെരിന്തൽമണ്ണ താലൂക്ക്	-	9 പ്ലോട്ടുകൾ
3)	കൊണ്ടോട്ടി താലൂക്ക്	-	16 പ്ലോട്ടുകൾ
4)	ഏറനാട് താലൂക്ക്	-	57 പ്ലോട്ടുകൾ
5)	നിലമ്പൂർ താലൂക്ക്	-	15 പ്ലോട്ടുകൾ
6)	തിരൂർ താലൂക്ക്	-	20 പ്ലോട്ടുകൾ
	ആകെ	-	121 പ്ലോട്ടുകൾ

(ബി) ഈ ഭൂമി ലൈഫ് പദ്ധതിയിലൂടെ വിതരണം ചെയ്യുവാൻ നിർദ്ദേശം നല്കിയിരുന്നോയെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഗുണഭോക്താക്കൾ അനർഹരായതു മൂലമോ വിതരണം ചെയ്തിട്ടില്ലാത്ത പ്ലോട്ടുകൾ ലൈഫ് മിഷൻ പദ്ധതി പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനായി വിനിയോഗിക്കാവുന്നതാണെന്ന് നിർദ്ദേശം നൽകിയിരുന്നു.

(സി) ലൈഫ് പദ്ധതിയിൽ ഭൂമി വിതരണം ചെയ്യുവാനുള്ള സംവിധാനമില്ലാത്തതിനാൽ ഈ പ്ലോട്ടുകൾ കഴിഞ്ഞ അഞ്ച് വർഷമായി വിതരണം ചെയ്യാതെ കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭൂമി ഭൂപരിഷ്കരണ നിയമംമൂലം വിതരണം ചെയ്യുവാൻ ഉത്തരവ് നല്കി, ദീർഘനാളത്തെ ഈ പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്ലോട്ടുകൾ വിതരണം ചെയ്യുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും പട്ടയം നൽകുന്നതും സംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

തണ്ണീർത്തടം നികത്തൽ ക്രമവത്ക്കരിക്കുന്ന പ്രവർത്തനങ്ങൾ

358(4368) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ണീർത്തടം നികത്തൽ ക്രമവത്ക്കരിക്കുന്നത് സംബന്ധിച്ച അവ്യക്തതകളും ഒപ്പം കോടതി നിർദ്ദേശങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ കോടതി നിർദ്ദേശങ്ങൾക്കും സർക്കാർ പരിശോധനകൾക്കും വിധേയമായി ക്രമവത്ക്കരിക്കാൻ സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

(എ&ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, തണ്ണീർത്തടങ്ങൾ പരിവർത്തനപ്പെടുത്തുന്നതിനു പൂർണ്ണ നിരോധനമുള്ളതാണ്. എന്നാൽ ഡാറ്റാബാങ്കിൽ നെൽവയലായോ തണ്ണീർത്തടമായോ ഉൾപ്പെടാത്തതും, റവന്യൂ രേഖകളിൽ നെൽവയലായോ തണ്ണീർതടമായോ ഉൾപ്പെടുത്തിയിട്ടുള്ളതുമായ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി ക്രമവത്കരിക്കുന്നതുമായി ബന്ധപ്പെട്ട്, 30-12-2017 മുതൽ പ്രാബല്യത്തോടെ, നിയമം ഭേദഗതി ചെയ്തിട്ടുള്ളതും, ആയതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 27 എ വകുപ്പ് കൂട്ടിച്ചേർത്തിട്ടുള്ളതുമാണ്. മേൽ പ്രകാരം ക്രമവൽക്കരിക്കുന്നതിനായി റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കുന്ന അപേക്ഷകളിൽ, അനുവദനീയമായവയ്ക്ക്, ടി നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം, മതിയായ ഫീസ് അടവാക്കിയാണ്